**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : *786 | 09.11.2016-ൽ മറുപടിക്ക്

**<u>പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ധനസഹായം</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>,, പി.വി. അൻവർ<br>,, ഡി.കെ. മുരളി<br>,, കെ. ബാബു :** | | **ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ധന സഹായം നൽകി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ധനസഹായ പദ്ധതി യിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവ നങ്ങളും പ്രയോജനങ്ങളും എന്തെല്ലാ മാണെന്ന് വിശദമാക്കുമോ? | (ബി) | <u>കർഷക സേവന കേന്ദ്രം</u><br>കർഷക സേവന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ആധുനിക യന്ത്രവൽകൃത കൃഷിരീതികളിൽ പരിശീലനം നേടുന്നതിനും ആയത് പ്രയോജനപ്പെടുത്തി നൂതന കൃഷിരീതികളിലൂടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. പോളിഹൗസ്, ഗ്രീൻഹൗസ്, മഴമറ കൃഷി തുടങ്ങിയ ആധുനിക കാർഷിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കാർഷിക ഉത്പാദനം ഗണ്യമായി ഉയർത്തുന്നതിന് കാർഷിക - ഔഷധ നഴ്സറികൾ സ്ഥാപിച്ച് |

ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിനും മികച്ച നിലവാരമുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനും ഹരിതസേന/ കർഷകസേന എന്നിവ രൂപീകരിച്ച് കാർഷിക ജോലികൾ ഏറ്റെടുത്ത് നടത്തുന്നത് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന തിനും ആയത് വഴി മികച്ച ഉത്പാദനവും വിപണനം വഴിയുള്ള വരുമാനവും കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നു.

<u>ഗോഡൗൺ</u>

കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ സംഭരിച്ച് സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആയത് വിപണന കേന്ദ്രങ്ങൾ വഴി ഉപഭോക്താക്കൾക്ക് നൽകുന്നതിനും സാധിക്കുന്നു. കർഷകർക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് കഴിയുന്നു. ആയതിലൂടെ വിപണിയിൽ ഇടപെടൽ സാധ്യമാകുന്നു. ഗോഡൗണുകൾ പ്രയോജനപ്പെടുത്തുന്നത് വഴി കർഷകർക്ക് ന്യായവിലയും മികച്ച വരുമാനവും ലഭ്യമാകുന്നു.

**സെക്ഷൻ ഓഫീസർ**